(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ കമ്മിറ്റി രണ്ട് തവണ കൂടിയിട്ടുണ്ട്. 16-8-2002-ൽ 37 കേസുകളിലും 26-11-2003-ൽ 27 കേസുകളിലും തീരുമാനമെടുത്തു.

(ഡി) ജില്ലാ ഉപദേശകസമിതി പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി പാനൽ തയ്യാറാക്കാൻ യോഗ്യരായ സ്വാതന്ത്ര്യ സമരസേനാനികളുടെ പാനൽ അയച്ചുതരാൻ നാലുതാലൂക്ക് തഹസീൽദാർമാരോട് നിർദ്ദേശിച്ചതായി ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

എ. കെ. ജി. ജൻമശതാബ്ദി സ്മാരകം

12 [2318] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങളുടെ പടത്തലവനായ ശ്രീ. എ. കെ. ഗോപാലന്റെ ജൻമശതാബ്ദി വേളയിൽ അദ്ദേഹത്തിന് അർഹമായ ആദരവും അംഗീകാരവും നൽകിക്കൊണ്ട് അദ്ദേഹത്തിന് ഒരു നിത്യസ്മാരകം നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും ഇതു സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികളെക്കുറിച്ചും വിശദമാക്കുമോ;

(ബി) എ. കെ. ജി. യുടെ ജൻമശതാബ്ദി സ്മരണാർത്ഥം ഒരു തപാൽ സ്റ്റാമ്പ് പുറപ്പെടുവിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുവാനും, അതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാനും ഗവൺമെന്റ് തയ്യാറാവുമോ?

ഉത്തരം

(എ) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും തന്നെ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇക്കാര്യത്തിൽ സർക്കാരിന് നിവേദനം കിട്ടുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

കെ. സുരേഷ്കുമാർ ഐ. എ. എസിന്റെ നിയമനം

13 [2319] *ശ്രീ. കെ. കെ. ജയചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. സുരേഷ്കുമാർ ഐ. എ. എസിനെ ഇപ്പോൾ ഏത് വകുപ്പിലാണ് നിയമിച്ചിട്ടുള്ളത്;

(ബി) 2004-ൽ അദ്ദേഹം ഏതൊക്കെ വകുപ്പിൽ ജോലി ചെയ്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) ശ്രീ. കെ. സുരേഷ് കുമാർ ഐ. എ. എസ്. 2004 ആരംഭത്തിൽ കേരളാ സ്റ്റേറ്റ് ലോട്ടറീസ് വകുപ്പിന്റെ ഡയറക്ടറായിരുന്നു. തുടർന്ന് 17-9-2004 മുതൽ ശ്രീ. സുരേഷ് കുമാർ ഡയറക്ടർ, പ്രോഗ്രാം ഇംപ്ലിമെന്റേഷൻ & ജോയിന്റ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് ആയി നിയമിതനായി. പക്ഷേ, 23-9-2004-ൽ, അദ്ദേഹത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന്റെ ഡയറക്ടറായി നിയമിച്ചു. 12-10-2004 മുതൽ ശ്രീ. സുരേഷ് കുമാറിന് ഡയറക്ടർ, എസ്. സി. ഇ. ആർ. റ്റി.യുടെ അധികച്ചുമതലയും നൽകി. പിന്നീട് ശ്രീ. സുരേഷ് കുമാറിന് പകരം മറ്റുദ്യോഗസ്ഥരെ ഈ തസ്തികകളിൽ നിയമിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ ശ്രീ. സുരേഷ് കുമാറിന് വേറെ നിയമനം താമസിയാതെതന്നെ നൽകുന്നതാണ്.

സ്വാതന്ത്ര്യ സമരസേനാനികൾക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റ്

14 [2320] *ശ്രീ. ഷിബു ബേബിജോൺ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ഓഫീസർമാരുടെ ശുപാർശ പ്രകാരം സ്വകാര്യ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളിൽ ചികിത്സ നടത്തിയ സ്വാതന്ത്ര്യ സമരസേനാനികളുടെ മെഡിക്കൽ ബില്ലുകൾ റീ ഇംപേഴ്സ് ചെയ്തു കൊടുക്കുന്നതിന് ധനകാര്യവകുപ്പ് അനുമതി നിഷേധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിയമസഭാ സാമാജികർക്കും സർക്കാർ ജീവനക്കാർക്കും ലഭിയ്ക്കുന്ന ചികിത്സാനുകൂല്യങ്ങൾ ഇവർക്കുകൂടി നൽകുവാനുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് വേണ്ട നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ജീവനക്കാർക്ക് ഗവൺമെന്റ് അംഗീകൃത മെഡിക്കൽ ഓഫീസറുടെ ശുപാർശ കത്തിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അംഗീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ ചില പ്രത്യേക രോഗങ്ങൾക്ക് ശസ്ത്രക്രിയകൾക്ക് ചികിത്സാചെലവിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾ സ്വാതന്ത്ര്യ സമരസേനാനികൾക്ക് ബാധകമാക്കി ഉത്തരവുകൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. 5-11-1979-ലെ ജി. ഒ. (എംഎസ്.) നം 227/79/എച്ച്. സി.

LIBRARY ARCHIVES Kerala Legislative Assembly